പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 203

# 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബിൽ

കേരള സംസ്ഥാനത്ത് ലിഫ്റ്റുകളുടേയും എസ്കലേറ്ററുകളുടേയും അതുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളുടേയും യന്ത്രസാമഗ്രികളുടേയും സ്ഥാപിക്കലും പരിപാലനവും സുരക്ഷിതമായ പ്രവർത്തനവും ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗിക മായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് ലിഫ്റ്റുകളുടേയും എസ്കലേറ്ററുകളുടേയും അതുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളുടേയും യന്ത്രസാമഗ്രികളുടേയും സ്ഥാപനം, പരിപാലനം, സുരക്ഷിതമായ പ്രവർത്തനം എന്നിവ ക്രമീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 മാർച്ച് 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "എസ്കലേറ്റർ" എന്നാൽ യാത്രക്കാരെ മുകളിലേക്കും താഴേക്കും ലംബദിശയിൽ ചെറിയ ദൂരത്തേക്ക് വഹിച്ചു കൊണ്ടുപോകാൻ ഉപയോഗിക്കുന്ന, ഊർജ്ജം കൊണ്ടുപ്രവർത്തിക്കുന്ന, തുടർച്ചയായി ചലിച്ചുകൊണ്ടിരിക്കുന്ന ഒരു സ്റ്റെയർവേ എന്നർത്ഥമാകുന്നു ;

(ബി) "എസ്കലേറ്റർ ഇൻസ്റ്റലേഷൻ" എന്നതിൽ എസ്കലേറ്റർ, ട്രാക്ക്, പ്രധാനപ്പെട്ട താങ്ങ്, അഴിത്തൂൺ നിര, നടക്കാനുള്ള പടികളും നിലത്തിറങ്ങാനുള്ള ഭാഗവും, എസ്കലേറ്ററിന്റെ പ്രവർത്തനവുമായി നേരിട്ട് ബന്ധപ്പെട്ടിട്ടുള്ള എല്ലാ ചങ്ങലകൾ, കമ്പികൾ, യന്ത്രസംവിധാനം എന്നിവയും ഉൾപ്പെടുന്നതാണ് ;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ഡി) "ഇൻസ്പെക്ടർ" എന്നാൽ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്)-ലെ 162-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൻകീഴിൽ സംസ്ഥാന സർക്കാർ നിയമിച്ചിട്ടുള്ള, ഒരു ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിച്ചിട്ടുള്ള സ്ഥലത്ത് പ്രാദേശിക അധികാരിതയുള്ള, ഇലക്ട്രിക്കൽ ഇൻസ്പെക്ടർ എന്നർത്ഥമാകുന്നു ;

(ഇ) "ലൈസൻസ്" എന്നാൽ 4-ാം വകുപ്പിൻകീഴിൽ നൽകപ്പെട്ട ലൈസൻസ് എന്നർത്ഥമാകുന്നു ;

(എഫ്) "ലിഫ്റ്റ്" എന്നാൽ ഊർജ്ജംകൊണ്ട് പ്രവർത്തിക്കുന്നതും ലംബദിശയിൽ ചലിക്കുന്ന ഒരു കാറോടുകൂടിയതും യാത്രക്കാരെയോ ചരക്കുകളെയോ അല്ലെങ്കിൽ രണ്ടുംകൂടിയോ വഹിച്ചു കൊണ്ടുപോകാൻ രൂപകല്പന ചെയ്തതുമായ ഒരു ഉയർത്തുയന്ത്രസംവിധാനം എന്നർത്ഥമാകുന്നതും, എന്നാൽ 1948-ലെ ഫാക്റ്ററീസ് ആക്റ്റ് (1948-ലെ LXIII-ാം കേന്ദ്ര ആക്റ്റ്) ബാധകമാകുന്ന ഉയർത്താനുള്ള ഉപകരണമോ ലിഫ്റ്റോ ഉൾപ്പെടാത്തതുമാകുന്നു ;

വിശദീകരണം:—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി, 'ഊർജ്ജം' എന്നാൽ വൈദ്യുത ഊർജ്ജം അല്ലെങ്കിൽ മനുഷ്യന്റെയോ മൃഗത്തിന്റെയോ ശക്തിയാൽ ഉത്പാദിപ്പിക്കപ്പെടാത്തതും യാന്ത്രികമായി പ്രസരിക്കുന്ന മറ്റേതെങ്കിലും രൂപത്തിലുള്ളതുമായ ഊർജ്ജം എന്നർത്ഥമാകുന്നു ;

(ജി) "ലിഫ്റ്റ് കാർ" എന്നാൽ ഒരു ലിഫ്റ്റിന്റെ കാർ അല്ലെങ്കിൽ കൂട് എന്നർത്ഥമാകുന്നതും അതിൽ തറ അല്ലെങ്കിൽ പ്ലാറ്റ്ഫോം, കാർ ഫ്രെയിം സ്ലിംഗും അതിനെ പൊതിയുന്ന ചട്ടക്കൂടും ഉൾപ്പെടുന്നതുമാകുന്നു ;

(എച്ച്) "ലിഫ്റ്റ് ഇൻസ്റ്റലേഷൻ" എന്നതിൽ ലിഫ്റ്റ് കാർ, ലിഫ്റ്റിന്റെ പാത, ലിഫ്റ്റിന്റെ പാതയുടെ ആവരണവും ലിഫ്റ്റിന്റെ പ്രവർത്തനഘടനയും ലിഫ്റ്റിന്റെ പ്രവർത്തനവുമായി നേരിട്ടു ബന്ധമുള്ള എല്ലാ കയറുകളും കേബിളുകളും കമ്പികളും യന്ത്രസംവിധാനവും ഉൾപ്പെടുന്നതാകുന്നു ;

(ഐ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു ;

(ജെ) "ചട്ടങ്ങൾ" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ എന്നർത്ഥമാകുന്നു ;

(കെ) "ഉടമസ്ഥൻ" എന്നതിൽ,—

(i) ഒരു പാട്ടക്കാരനും ;

(ii) ഒരു ലൈസൻസിയും ;

(iii) ഒരു ഒറ്റി കൈവശക്കാരനും ;

(iv) ഒരു മാനേജിംഗ് ട്രസ്റ്റി, ഒരു ഏജന്റ്, ഒരു കറസ്പോണ്ടന്റ്, മാനേജർ, സൂപ്രണ്ട്, സെക്രട്ടറി അല്ലെങ്കിൽ മറ്റേതെങ്കിലും പേരിൽ വിളിക്കപ്പെടുന്ന, ഒരു ലിഫ്റ്റ് സ്ഥാപിച്ചിട്ടുള്ളതും ജോലി ഏൽപ്പിച്ചിട്ടുള്ളതുമായ പ്രദേശത്തെ കാര്യങ്ങളുടെ നിയന്ത്രണവും കൈവശാവകാശവുമുള്ളതുമായ ഏതെങ്കിലും വ്യക്തി അഥവാ അധികാര സ്ഥാനവും

ഉൾപ്പെടുന്നതാണ്.

3. ലിഫ്റ്റുകളും എസ്കലേറ്ററുകളും സ്ഥാപിക്കുന്നതിനുള്ള അനുമതി.—(1) ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അതിനുശേഷവും ഒരു സ്ഥലത്തിന്റെ ഉടമസ്ഥൻ ഈ ആക്റ്റിൻകീഴിലോ അതനുസരിച്ചോ നല്കിയ ഒരു അനുമതി കൂടാതെ അങ്ങനെയുള്ള സ്ഥലത്ത് ഒരു ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിക്കുവാൻ പാടുള്ളതല്ല.

(2) ഒരു ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായുള്ള എല്ലാ അപേക്ഷകളും നിർണ്ണയിക്കപ്പെടാവുന്ന, അങ്ങനെയുള്ള ഫോറത്തിൽ അങ്ങനെയുള്ള വിവരങ്ങൾ വ്യക്തമാക്കി അങ്ങനെയുള്ള ഫീസോടുകൂടി ഇൻസ്പെക്ടർക്ക് നല്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിനു കീഴിലുള്ള ഒരു അപേക്ഷ ലഭിച്ചാൽ, ഇൻസ്പെക്ടർക്ക്, അദ്ദേഹത്തിന് ആവശ്യമെന്നു തോന്നുന്ന അപ്രകാരമുള്ള അന്വേഷണം നടത്തിയതിനുശേഷം അനുമതി നല്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്. നല്കുന്ന എല്ലാ അനുമതികളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കേണ്ടതും അത് അനുവദിച്ച തീയതിമുതൽ ആറു മാസക്കാലത്തേക്ക് സാധുവായിരിക്കുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പിനു കീഴിൽ അനുമതി ലഭിച്ച എല്ലാ സ്ഥല ഉടമസ്ഥരും, അത്തരം ലിഫ്റ്റിന്റെയോ എസ്കലേറ്ററിന്റെയോ സ്ഥാപിക്കൽ പൂർത്തിയായശേഷം ഒരു മാസത്തിനുള്ളിൽ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ഒരു പൂർത്തീകരണ റിപ്പോർട്ട് ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പിൻകീഴിൽ നൽകേണ്ട അനുമതി ഇൻസ്പെക്ടർ നിരസിക്കുകയാണെങ്കിൽ, അങ്ങനെ നിരസിക്കലിനുള്ള കാരണങ്ങൾ അദ്ദേഹം രേഖാമൂലം നല്കേണ്ടതാണ്.

4. ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ്.—(1) യാതൊരു സ്ഥല ഉടമസ്ഥനും ഒരു ലൈസൻസിൻകീഴിലോ അതനുസരിച്ചോ അല്ലാതെ അങ്ങനെയുള്ള സ്ഥലത്ത് ഏതെങ്കിലും ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുകയോ പ്രവർത്തിപ്പിക്കുന്നതിന് കാരണമാവുകയോ പ്രവർത്തിപ്പിക്കുന്നതിന് അനുവദിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിനു കീഴിലുള്ള ഒരു ലൈസൻസിനു വേണ്ടിയുള്ള എല്ലാ അപേക്ഷകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസോടുംകൂടി ഇൻസ്പെക്ടർക്ക് നല്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിൽ ഒരു അപേക്ഷ ലഭിച്ചാൽ, ഇൻസ്പെക്ടർക്ക്, അദ്ദേഹത്തിന് ആവശ്യമെന്നു തോന്നുന്ന അങ്ങനെയുള്ള പരിശോധനയും അന്വേഷണവും നടത്തിയതിനുശേഷം, ലൈസൻസ് നല്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ നല്കപ്പെട്ട എല്ലാ ലൈസൻസും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഉപാധികൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കേണ്ടതുമാണ്.

(5) (3)-ാം ഉപവകുപ്പിനു കീഴിൽ നല്കപ്പെട്ട എല്ലാ ലൈസൻസും അത് നല്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് സാധുവായിരിക്കുന്നതും പരിശോധനയ്ക്കും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിയതിനു ശേഷം വാർഷികമായി പുതുക്കേണ്ടതുമാണ്.

(6) (3)-ാം ഉപവകുപ്പു പ്രകാരം ലൈസൻസ് നൽകുന്നത് ഇൻസ്പെക്ടർ നിരസിക്കുകയാണെങ്കിൽ അദ്ദേഹം അത്തരം നിരസിക്കലിനുള്ള കാരണങ്ങൾ രേഖാമൂലം നല്കേണ്ടതാണ്.

5. <u>നിലവിലുള്ള ലിഫ്റ്റുകളേയും എസ്കലേറ്ററുകളേയും സംബന്ധിച്ച വ്യവസ്ഥ</u>.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് തൊട്ടുമുമ്പ് ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിച്ചിട്ടുള്ളതോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതോ ആയ എല്ലാ സ്ഥലങ്ങളിലേയും ഉടമസ്ഥർക്ക് അങ്ങനെയുള്ള സ്ഥലത്ത് അങ്ങനെയുള്ള ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുന്നത് തുടരാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിനു കീഴിൽ ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുന്നത് തുടരുന്നതിന് അവകാശമുള്ള ഏതൊരാളും, അങ്ങനെയുള്ള ലിഫ്റ്റോ എസ്കലേറ്ററോ സംബന്ധിച്ച് 4-ാം വകുപ്പിൻകീഴിൽ ഒരു ലൈസൻസ് അദ്ദേഹം നേടാത്തപക്ഷം ഈ ആക്റ്റിന്റെ പ്രാരംഭത്തീയതി മുതൽ രണ്ടു മാസക്കാലാവധിക്കു ശേഷം അങ്ങനെയുള്ള ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുന്നത് തുടരുവാൻ പാടുള്ളതല്ല.

(3) (2)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു ലൈസൻസിനു വേണ്ടിയുള്ള എല്ലാ അപേക്ഷകളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസോടും കൂടി ആയിരിക്കേണ്ടതാണ്.

6. <u>പുതുക്കൽ</u>.—(1) ഈ ആക്റ്റ് പ്രകാരം നല്കപ്പെട്ട ലൈസൻസ് പുതുക്കുന്നതിനു വേണ്ടിയുള്ള ഏതൊരു അപേക്ഷയും അങ്ങനെയുള്ള ലൈസൻസിന്റെ കാലാവധി തീരുന്നതിന് കുറഞ്ഞത് മൂന്ന് മാസം മുമ്പ് നല്കേണ്ടതാണ്.

(2) 4-ാം വകുപ്പിൻകീഴിൽ ഒരു ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ഈ ആക്റ്റിലെ വ്യവസ്ഥകൾ, കഴിയുന്നിടത്തോളം ഒരു ലൈസൻസ് പുതുക്കുന്നതിനും ബാധകമാവുന്നതാണ്.

7. <u>ലൈസൻസ് റദ്ദാക്കുന്നതിനോ സസ്പെൻഡ് ചെയ്യുന്നതിനോ ഉള്ള അധികാരം.</u>—(1) ഇൻസ്പെക്ടർക്ക്,—

(i) തെറ്റിദ്ധരിപ്പിച്ചോ കബളിപ്പിച്ചോ ആണ് ലൈസൻസ് നേടിയതെന്നോ ; അഥവാ

(ii) ലൈസൻസി ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾ അല്ലെങ്കിൽ ലൈസൻസിന്റെ ഏതെങ്കിലും ഉപാധികളും നിബന്ധനകളും ലംഘിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്തെന്നോ ; അഥവാ

(iii) ഈ ആക്റ്റിൻകീഴിൽ പാസാക്കിയ ഒരു ഉത്തരവോ ചട്ടങ്ങളോ പാലിക്കാൻ ലൈസൻസി വീഴ്ച വരുത്തുകയോ ലംഘിക്കുകയോ ചെയ്തെന്നോ ; അഥവാ

(iv) ലൈസൻസ് നൽകിയ ആവശ്യത്തിലേക്കായി അതതുസംഗതി പോലെ, ലിഫ്റ്റിനോ എസ്കലേറ്ററിനോ, സുരക്ഷിതമായി തുടർന്നു പ്രവർത്തിക്കുവാൻ കഴിയില്ലെന്നോ ;

ന്യായമായ കാരണങ്ങൾ ഉണ്ടെന്ന് വിശ്വസിക്കുന്നപക്ഷം, ലൈസൻസ് കൈവശമുള്ള ഒരാൾക്ക് അയാൾ പറയുന്നതു കേൾക്കാനുള്ള ഒരു അവസരം നൽകിയശേഷം, ലൈസൻസ് റദ്ദ് ചെയ്യുകയോ സസ്പെൻഡ് ചെയ്യുകയോ ചെയ്യാവുന്നതാണ് :

എന്നാൽ ഈ ആക്റ്റ് പ്രകാരം നൽകിയ ഏതെങ്കിലും ലൈസൻസ് റദ്ദു ചെയ്യപ്പെടേണ്ടതാണെന്നോ റദ്ദു ചെയ്യേണ്ടതായിട്ടുള്ള ലൈസൻസ് നിലവിലുണ്ടെന്നോ ഇൻസ്പെക്ടർക്ക് അഭിപ്രായമുള്ളപക്ഷം അതിനുള്ള കാരണം രേഖപ്പെടുത്തി ഏത് ലൈസൻസും സസ്പെൻഡ് ചെയ്യാവുന്നതാണ്.

(2) ഇൻസ്പെക്ടർക്ക്,—

(i) രേഖയിൽ പ്രത്യക്ഷത്തിൽ കാണുന്ന ഒരു തെറ്റിന്റെയോ പിശകിന്റെയോ അടിസ്ഥാനത്തിലോ ; അല്ലെങ്കിൽ

(ii) ഉത്തരവു പുറപ്പെടുവിച്ചതിനുശേഷം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏതെങ്കിലും പുതിയ വസ്തുതകളുടെ അടിസ്ഥാനത്തിലോ ; അല്ലെങ്കിൽ

(iii) മറ്റേതെങ്കിലും മതിയായ കാരണങ്ങളാലോ ;

(1)-ാം ഉപവകുപ്പിൻകീഴിൽ പാസാക്കിയ ഏതൊരു ഉത്തരവിനെയും സ്വമേധയായോ ഒരു അപേക്ഷയിൻമേലോ പുനഃപരിശോധിക്കാവുന്നതാണ് :

എന്നാൽ ഏതെങ്കിലും വ്യക്തിക്ക് ദോഷകരമായ ഒരു ഉത്തരവ് അദ്ദേഹത്തിന്റെ ഭാഗം കേൾക്കാനുള്ള ന്യായമായ ഒരു അവസരം നൽകാതെ ഈ ഉപവകുപ്പിൻകീഴിൽ ഇൻസ്പെക്ടർ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

8. ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷനിൽ കൂട്ടിച്ചേർക്കലും മാറ്റം വരുത്തലും.—10-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം ചെയ്യേണ്ടതല്ലാതെ, ഇൻസ്പെക്ടറുടെ രേഖാമൂലമുള്ള മുൻകൂർ അനുമതി ഇല്ലാതെ ഏതെങ്കിലും ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷനിൽ യാതൊരു കൂട്ടിച്ചേർക്കലോ മാറ്റം വരുത്തലോ ചെയ്യാൻ പാടുള്ളതല്ല.

9. ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷൻ സ്ഥാപിക്കൽ കൂട്ടിച്ചേർക്കൽ അഥവാ മാറ്റം വരുത്തൽ ജോലി, ക്ഷമതയുള്ള വ്യക്തികളെ ഏൽപ്പിക്കേണ്ടതാണെന്ന്.—ഒരു ലിഫ്റ്റും എസ്കലേറ്ററും ഇൻസ്റ്റലേഷൻ സ്ഥാപിക്കലോ കൂട്ടിച്ചേർക്കലോ മാറ്റം വരുത്തലോ നടത്തുന്ന യാതൊരു ഉടമസ്ഥനും ആ ജോലി അത്തരം ലിഫ്റ്റിന്റെയോ എസ്കലേറ്ററിന്റെയോ നിർമ്മാതാക്കളെയോ ഇൻസ്പെക്ടർ അംഗീകരിച്ച ഇലക്ട്രിക്കലും മെക്കാനിക്കലും എഞ്ചിനീയർമാരുടെ ഒരു കമ്പനിയെയോ അല്ലാതെ യാതൊരാളെയും ഏൽപ്പിക്കുവാൻ പാടുള്ളതല്ല.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ രജിസ്റ്റർ ചെയ്തതോ അല്ലാത്തതോ ആയ ഒരു ഫേമോ വ്യക്തികളുടെ മറ്റ് സംഘടനയോ ഉൾപ്പെടുന്നതുമാകുന്നു.

10. പ്രവേശിക്കാനുള്ള അധികാരം.—(1) ഇൻസ്പെക്ടർക്കും അദ്ദേഹത്തെ സഹായിക്കാൻവേണ്ടി 13-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിച്ച ഏതൊരാൾക്കും ഉടമസ്ഥന് യുക്തമായ നോട്ടീസ് നൽകിയശേഷം ഏതു സമയത്തും ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിച്ചതോ പ്രവർത്തിക്കുന്നതോ അതുമായി ബന്ധപ്പെട്ട് 4-ാം വകുപ്പ് പ്രകാരം ഒരു ലൈസൻസിനോ 3-ാം വകുപ്പ് പ്രകാരം അനുമതിക്കോ അപേക്ഷ ലഭിച്ചതുമായതോ ആയ ഏതുസ്ഥലത്തും, ആ സ്ഥലമോ ലിഫ്റ്റോ എസ്കലേറ്ററോ ഇൻസ്റ്റലേഷൻ സ്ഥാപിക്കലോ, അതതുസംഗതിപോലെ, പരിശോധിക്കുന്ന ആവശ്യത്തിലേക്കായി പ്രവേശിക്കാവുന്നതാണ്. ഇൻസ്പെക്ടറെ സഹായിക്കാൻ 13-ാം വകുപ്പ് പ്രകാരം നിയമിക്കുന്ന വ്യക്തി അത്തരത്തിലുള്ള പരിശോധന നടത്തിയശേഷം പരിശോധിച്ച ലിഫ്റ്റോ എസ്കലേറ്ററോ ഇൻസ്റ്റലേഷന്റെ സ്ഥിതിയെക്കുറിച്ചുള്ള ഒരു റിപ്പോർട്ട് ഈ ആക്റ്റിൻകീഴിൽ നടപടിയെടുക്കുന്നതിനായി ഇൻസ്പെക്ടർക്ക് നൽകേണ്ടതാണ്.

(2) അപ്രകാരമുള്ള പരിശോധനയിൽ ഏതെങ്കിലും സ്ഥലത്തെ ലിഫ്റ്റോ എസ്കലേറ്ററോ ഇൻസ്റ്റലേഷൻ സുരക്ഷിതമല്ലാത്ത സ്ഥിതിയിലാണെന്ന് ഇൻസ്പെക്ടർക്ക് അഭിപ്രായമുള്ളപക്ഷം അദ്ദേഹത്തിന് രേഖാമൂലമുള്ള ഉത്തരവിലൂടെ ആ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനുള്ളിൽ അത്തരം ലിഫ്റ്റിലോ എസ്കലേറ്ററിലോ അദ്ദേഹത്തിന് ആവശ്യമെന്ന് തോന്നാവുന്ന പ്രകാരമുള്ള അറ്റകുറ്റപ്പണികളോ മാറ്റം വരുത്തലുകളോ ചെയ്യുന്നതിന് ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആവശ്യമെങ്കിൽ ആ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളപോലെ അത്തരത്തിലുള്ള അറ്റകുറ്റപ്പണികളോ മാറ്റം വരുത്തലോ ചെയ്യുന്നതുവരെ അത്തരത്തിലുള്ള ലിഫ്റ്റിന്റെയോ എസ്കലേറ്ററിന്റെയോ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനും നിർദ്ദേശം നൽകാവുന്നതാണ്. അതിനുശേഷം അതിൽ

പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ ഉടമസ്ഥൻ അങ്ങനെയുള്ള ഏതൊരു നിർദ്ദേശവും പാലിക്കേണ്ടതും ഉടൻതന്നെ അങ്ങനെയുള്ള നിർദ്ദേശം അദ്ദേഹം പാലിച്ചതായുള്ള റിപ്പോർട്ട് ഇൻസ്പെക്ടർക്ക് രേഖാമൂലം നൽകേണ്ടതുമാണ്.

(3) (2)-ാം ഉപവകുപ്പിൻകീഴിലുള്ള ഉത്തരവോ നിർദ്ദേശമോമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവ് കൈപ്പറ്റി മുപ്പതു ദിവസത്തിനകം ഈ ആവശ്യത്തിലേക്ക് സർക്കാർ നിയമിച്ചിട്ടുള്ള അപ്പീലധികാരസ്ഥാനം മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും അതിന്മേലുള്ള അപ്പീലധികാരസ്ഥാനത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും അപ്പീൽ നൽകിയിരുന്നാൽത്തന്നെയും (2)-ാം ഉപവകുപ്പ് പ്രകാരം, ഒരു ലിഫ്റ്റിന്റെയോ അല്ലെങ്കിൽ എസ്കലേറ്ററിന്റെയോ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള ഏതൊരു നിർദ്ദേശവും, അത്തരം നിർദ്ദേശം അപ്പീലധികാരസ്ഥാനം സ്റ്റേ ചെയ്യുന്നതുവരെ പാലിച്ചിരിക്കേണ്ടതാണ്.

11. പരിശോധനയ്ക്കായി ഉടമസ്ഥൻ സൗകര്യങ്ങൾ നൽകണമെന്നത്.—ഇൻസ്പെക്ടറോ, 13-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ആളോ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം പ്രവേശിക്കുന്ന ഒരു സ്ഥലത്തിന്റെ ഓരോ ഉടമസ്ഥനും ആ വകുപ്പിൻ കീഴിൽ അങ്ങനെയുള്ള ഇൻസ്പെക്ടർക്കോ ആളിനോ നിർവ്വഹിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഏത് ചുമതലയും നിർവ്വഹിക്കാൻ കഴിയുന്നത്ര എല്ലാ സൗകര്യങ്ങളും അങ്ങനെയുള്ള ഇൻസ്പെക്ടർക്കോ ആളിനോ നൽകേണ്ടതും അദ്ദേഹത്തിന്റെ സ്വന്തം ചെലവിൽ അങ്ങനെയുള്ള പരിശോധനയ്ക്കായി ഇൻസ്പെക്ടർക്കോ അങ്ങനെയുള്ള ആൾക്കോ മാർഗ്ഗനിർദ്ദേശം നൽകാൻ പ്രാപ്തിയുള്ള, ലിഫ്റ്റോ എസ്കലേറ്ററോ ഇൻസ്റ്റലേഷന്റെ സ്ഥാപിക്കലിനോ കൂട്ടിച്ചേർക്കലിനോ മാറ്റം വരുത്തലിനോ അറ്റകുറ്റപ്പണിക്കോ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ ആളിന്റെയോ അങ്ങനെയുള്ള ആളിന്റെ പ്രതിനിധിയുടെയോ, അതതുസംഗതിപോലെ, വ്യക്തിപരമായ സാന്നിദ്ധ്യം അങ്ങനെയുള്ള പരിശോധനയ്ക്കായി ഉറപ്പുവരുത്തേണ്ടതുമാണ്.

12. അപകടങ്ങൾ റിപ്പോർട്ട് ചെയ്യൽ.—ഒരു ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിക്കുമ്പോൾ ജീവൻ നഷ്ടപ്പെടുകയോ നഷ്ടപ്പെടാൻ ഇടയായേക്കാവുന്നതോ അല്ലെങ്കിൽ പരിക്ക് പറ്റുകയോ ചെയ്യുന്ന തരത്തിൽ ഏതെങ്കിലും അപകടം ഉണ്ടാകുകയാണെങ്കിൽ, ആ സ്ഥലത്തിന്റെയോ ഇൻസ്റ്റലേഷന്റെയോ ഉടമസ്ഥൻ ആ അപകടത്തിനുശേഷം, എത്രയുംവേഗം സംഭവത്തെക്കുറിച്ചും അതിലുണ്ടായ അങ്ങനെയുള്ള നഷ്ടമോ പരിക്കോ ഉൾപ്പെടെയുള്ള അപകടത്തിന്റെ മുഴുവൻ വിശദാംശങ്ങളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ഇൻസ്പെക്ടർക്കും അതുകൂടാതെ ജില്ലാ മജിസ്ട്രേട്ടിനോ ഇതിനായി സർക്കാർ ഉത്തരവിലൂടെ പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനോ നൽകേണ്ടതും ലിഫ്റ്റ് അഥവാ എസ്കലേറ്റർ ഇൻസ്റ്റലേഷനിൽ യാതൊരുവിധത്തിലും ഇടപെടാൻ പാടില്ലാത്തതും അങ്ങനെയുള്ള ലിഫ്റ്റുകളുടെയും എസ്കലേറ്ററുകളുടെയും പ്രവർത്തനം ഇൻസ്പെക്ടറുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ പുനഃരാരംഭിക്കാൻ പാടില്ലാത്തതുമാണ്.

13. ഇൻസ്പെക്ടറെ സഹായിക്കുന്നതിനായുള്ള ആളുകൾ.—(1) സർക്കാരിന് ഇൻസ്പെക്ടറെ സഹായിക്കുന്നതിനായി ആവശ്യമുള്ളിടത്തോളം, സാങ്കേതികവും മറ്റ് തരത്തിലുള്ള നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള യോഗ്യതയുള്ളതുമായ അത്രയും എണ്ണം ആളുകളെ നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ആളുകളുടെ അധികാരങ്ങളും ചുമതലകളും മറ്റു സേവന ഉപാധികളും വ്യവസ്ഥകളും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കേണ്ടതാണ്.

14. ശിക്ഷ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളോ, ഇൻസ്പെക്ടറോ, 13-ാം വകുപ്പിൻകീഴിൽ അദ്ദേഹത്തെ സഹായിക്കാൻ നിയമിക്കപ്പെടുന്ന ഏതെങ്കിലും ആളോ നൽകിയ ഉത്തരവിലേയോ ലൈസൻസിലേയോ അനുമതിയിലേയോ ഉപാധികളും വ്യവസ്ഥകളും ലംഘിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ ആയിരം രൂപവരെയായേക്കാവുന്ന പിഴയും അങ്ങനെയുള്ള കുറ്റസ്ഥാപനത്തിനുശേഷവും ലംഘനം തുടരുന്ന സംഗതിയിൽ അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അൻപത് രൂപവരെയായേക്കാവുന്ന അധിക പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

15. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്യുന്നിടത്ത് കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ചുമതല വഹിച്ചിരുന്നതും കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ഉത്തരവാദിത്തമുള്ളതുമായ ഏതൊരാളും ആ കമ്പനിയും കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അതനുസരിച്ചുള്ള നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയമായിരിക്കുന്നതുമാകുന്നു :

എന്നാൽ ആ കുറ്റം ചെയ്തിട്ടുള്ളത് തന്റെ അറിവോടുകൂടിയല്ലെന്നോ അഥവാ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുന്നതിനായി താൻ യഥാവിധി എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അങ്ങനെയുള്ള യാതൊരാളേയും യാതൊരു ശിക്ഷയ്ക്കും വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അഥവാ കമ്പനിയിലെ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അഥവാ അശ്രദ്ധമൂലമോ ആണ് ആ കുറ്റം ചെയ്തിട്ടുള്ളതെന്ന് തെളിയുകയും ചെയ്യുന്നതായാൽ അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ അഥവാ അങ്ങനെയുള്ള മറ്റ് ഉദ്യോഗസ്ഥനോ ആ കുറ്റം ചെയ്തതായി കരുതപ്പെടേണ്ടതും അതനുസരിച്ചുള്ള നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതുമാകുന്നു.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(എ) 'കമ്പനി' എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സംഘടനകളോ ഉൾപ്പെടുന്നതുമാകുന്നു;

(ബി) ഒരു ഫേമിനെ സംബന്ധിച്ച് ഡയറക്ടർ എന്നാൽ ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

16. കുറ്റങ്ങൾ വിചാരണയ്ക്കെടുക്കൽ.—ഈ ആക്റ്റിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുറ്റവും, കുറ്റകൃത്യം നടന്നതായി ഇൻസ്പെക്ടർക്ക് അറിവുകിട്ടി മൂന്ന് മാസത്തിനകം അധികാരികതയുള്ള ഇൻസ്പെക്ടർ സമർപ്പിക്കുന്ന ഒരു പരാതിയിന്മേല ല്ലാതെ യാതൊരു കോടതിയും വിചാരണയ്ക്കെടുക്കാൻ പാടുള്ളതല്ല.

17. നോട്ടീസുകൾ, ഉത്തരവ്, രേഖകൾ എന്നിവ നൽകൽ.—(1) ഈ ആക്റ്റിനാലോ അതിൻപ്രകാരമോ ആവശ്യപ്പെടുന്നതോ സംബോധന ചെയ്യപ്പെടേണ്ടതാണെന്ന് അധികാരപ്പെടുത്തിയതോ ആയ എല്ലാ നോട്ടീസും ഉത്തരവും മറ്റു രേഖകളും സ്ഥലത്തിന്റെ ഉടമസ്ഥന്റെ ശരിയായ മേൽവിലാസത്തിൽ (സ്ഥലപ്പേര് സഹിതം) ആണെന്ന് കരുതപ്പെടേണ്ടതും തപാൽ മുഖേനയോ അഥവാ,

(എ) മേൽവിലാസക്കാരൻ ഒരു തദ്ദേശ അധികാരസ്ഥാനമാണെങ്കിൽ, ആ തദ്ദേശ അധികാരസ്ഥാനത്തിന്റെ കാര്യാലയത്തിൽ ;

(ബി) മേൽവിലാസക്കാരൻ ഒരു കമ്പനിയാണെങ്കിൽ, ആ കമ്പനിയുടെ രജിസ്റ്റേർഡ് ആഫീസോ അല്ലെങ്കിൽ, ആ കമ്പനിയുടെ രജിസ്റ്റേർഡ് ആഫീസ് ഇന്ത്യയിൽ അല്ലാത്തപക്ഷം, ഇന്ത്യയിൽ ആ കമ്പനിയുടെ മുഖ്യപ്രവർത്തനം നടക്കുന്ന സ്ഥലത്ത് ;

(സി) മേൽവിലാസക്കാരൻ മറ്റേതെങ്കിലും ആളാണെങ്കിൽ അയാൾ പതിവായി ഉണ്ടായിരുന്നതോ അവസാനമായി അറിയപ്പെട്ടതോ ആയ വാസസ്ഥലത്തോ അല്ലെങ്കിൽ അയാളുടെ പ്രവർത്തനസ്ഥലത്തോ ;

നേരിട്ടോ നൽകേണ്ടതുമാണ്.

18. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിക്ക് സംരക്ഷണം.—ഈ ആക്റ്റിനാലോ അതിൻകീഴിലോ ഉത്തമവിശ്വാസത്തിൽ ചെയ്തതോ അല്ലെങ്കിൽ ചെയ്യാൻ ഉദ്ദേശിച്ചിട്ടു ള്ളതോ ആയ ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് യാതൊരാളിനും എതിരെ യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

19. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന്, വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്കായി, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു ഉത്തരവിലൂടെ ആവശ്യമെന്നോ യുക്തമെന്നോ അവർ കരുതുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത അപ്രകാരമുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്.

20. ഒഴിവാക്കൽ.—ഈ ആക്റ്റിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

21. ചട്ടങ്ങളുണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാ പനംമൂലം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പിൻകാല പ്രാബല്യ ത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്ക് അങ്ങനെയുള്ള ചട്ടങ്ങളിൽ, വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) ലിഫ്റ്റുകളുടേയും എസ്കലേറ്ററുകളുടേയും വിശിഷ്ട വിവരണങ്ങളും ;

(ബി) ലിഫ്റ്റുകളും എസ്കലേറ്ററുകളും സ്ഥാപിക്കുന്നതിനുള്ള പ്ലാനുകൾ സമർപ്പിക്കേണ്ട രീതിയും ;

(സി) ലിഫ്റ്റുകളും എസ്കലേറ്ററുകളും പരിശോധിക്കേണ്ട രീതിയും ;

(ഡി) ലിഫ്റ്റുകളും എസ്കലേറ്ററുകളും സ്ഥാപിക്കുന്നതിനുള്ള അനുമതിക്കും അങ്ങനെയുള്ള ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസിനും വേണ്ടിയുള്ള അപേക്ഷാഫാറവും ;

(ഇ) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പിൻകീഴിൽ നൽകേണ്ട പൂർത്തിയാക്കൽ റിപ്പോർട്ടിന്റെ ഫാറവും ;

(എഫ്) ലിഫ്റ്റുകളുടേയും എസ്കലേറ്ററുകളുടേയും പ്രവർത്തനത്തിന് അനുമതി നൽകുന്ന ലൈസൻസിന്റെ ഫാറവും അതിനുള്ള ഉപാധികളും വ്യവസ്ഥകളും നിയന്ത്രണങ്ങളും അങ്ങനെയുള്ള ലൈസൻസിനു നൽകേണ്ടുന്ന ഫീസും ;

(ജി) ഏതു രീതിയിലും ഏത് ഉപാധികൾക്കു വിധേയമായുമാണ് ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിപ്പിക്കേണ്ടതെന്നും ;

(എച്ച്) അപകടങ്ങളെ സംബന്ധിച്ച് നോട്ടീസ് നൽകേണ്ട രീതിയും ;

(ഐ) അപകടങ്ങളെ സംബന്ധിച്ച് 12-ാം വകുപ്പുപ്രകാരം നൽകേണ്ട നോട്ടീസിന്റെ ഫാറവും ;

(ജെ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യവും.

22. ചട്ടങ്ങൾ നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണെന്ന്.—ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഓരോ ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുൻപാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ, ആ ചട്ടപ്രകാരം

മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

23. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ് (2013-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്:

എന്നാൽ, 2012 ജൂലൈ 23-ാം തീയതി മുതൽ 2012-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ് (2012-ലെ 51) ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിയായ 2012 ആഗസ്റ്റ് 21-ാം തീയതി വരെയുള്ള കാലയളവിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ബഹുനിലക്കെട്ടിടങ്ങളുടെ നിർമ്മാണം വർദ്ധിച്ച സാഹചര്യത്തിൽ ലിഫ്റ്റുകളുടേയും എസ്കലേറ്ററുകളുടേയും എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ഉപയോക്താക്കളുടെ സുരക്ഷയ്ക്കായി ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിക്കുന്നതിന് ആവശ്യമായ സുരക്ഷാസംവിധാനങ്ങളും മുൻകരുതലുകളും ഉണ്ടാകേണ്ടതുണ്ട്. എന്നാൽ ലിഫ്റ്റുകൾ, എസ്കലേറ്ററുകൾ എന്നിവയുടെ സ്ഥാപനം, അവയുടെ സുരക്ഷിതമായ പ്രവർത്തനം, പരിപാലനം എന്നിവ ക്രമീകരിക്കുന്നതിന് സംസ്ഥാനത്ത് നിലവിൽ യാതൊരു നിയമ വ്യവസ്ഥയുമില്ല. അതിനാൽ കേരള സംസ്ഥാനത്ത് ലിഫ്റ്റുകളുടേയും എസ്കലേറ്ററുകളുടേയും അതുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളുടേയും യന്ത്രസാമഗ്രികളുടേയും സ്ഥാപിക്കലും പരിപാലനവും സുരക്ഷിതമായ പ്രവർത്തനവും ക്രമീകരിക്കുന്നതിനും അതിന് ആനുഷംഗികമായ മറ്റുചില കാര്യങ്ങൾക്കുമായി ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിൽ അല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശം ഉടനടി പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതിനാലും 2011 നവംബർ 23-ാം തീയതി കേരള ഗവർണ്ണർ, 2011-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ് വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 53-ാം നമ്പർ ഓർഡിനൻസായി 2011 നവംബർ 25-ാം തീയതിയിലെ 2221-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2011 ഡിസംബർ 9-ാം തീയതി ആരംഭിച്ച് അതേദിവസം അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാൽ പ്രസ്തുത ഓർഡിനൻസിലെ

വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ്, 2012 ജനുവരി 18-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 11-ാം നമ്പർ ഓർഡിനൻസായി 2012 ജനുവരി 20-ാം തീയതിയിലെ 148-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

4. 2012 മാർച്ച് 1-ാം തീയതി ആരംഭിച്ച് 2012 മാർച്ച് 23-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2012-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ്, 2012 ഏപ്രിൽ 11-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 35-ാം നമ്പർ ഓർഡിനൻസായി 2012 ഏപ്രിൽ 11-ാം തീയതിയിലെ 737-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2012 ജൂൺ 11-ാം തീയതി ആരംഭിച്ച് 2012 ജൂലൈ 25-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

6. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം 2012-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ്, 2012 (2012-ലെ 35) 2012 ജൂലൈ 23-ാം തീയതി പ്രാബല്യമില്ലാതായിത്തീർന്നു.

7. കേരള നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടതായിട്ടുള്ളതിനാലും പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീർന്നതിനു ശേഷം പ്രസ്തുത ഓർഡിനൻസ് പ്രകാരം എടുത്ത ഏതെങ്കിലും നടപടിയോ ചെയ്ത ഏതെങ്കിലും കാര്യമോ സാധൂകരിക്കുന്നതിനു വേണ്ടി 2012-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ്, 2012 ആഗസ്റ്റ് 18-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2012-ലെ 51-ാം നമ്പർ ഓർഡിനൻസായി 2012 ആഗസ്റ്റ് 21-ാം തീയതിയിലെ 1730-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

8. 2012 ഡിസംബർ 10-ാം തീയതി ആരംഭിച്ച് 2012 ഡിസംബർ 21-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ്, 2013 ജനുവരി 9-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 2-ാം നമ്പർ ഓർഡിനൻസായി 2013 ജനുവരി 10-ാം തീയതിയിലെ 96-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. 2013 ഫെബ്രുവരി 1-ാം തീയതി ആരംഭിച്ച് 2013 ഫെബ്രുവരി 19-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ഓർഡിനൻസ്, 2013 ഫെബ്രുവരി 26-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2013-ലെ 20-ാം നമ്പർ ഓർഡിനൻസായി 2013 ഫെബ്രുവരി 27-ാം തീയതിയിലെ 559-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

10. 2013-ലെ 20-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 3-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം, ഒരു ലിഫ്റ്റോ എസ്കലേറ്ററോ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷയുടെ ഫാറവും ഫീസും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം അങ്ങനെ നൽകുന്ന അനുമതികൾക്കുള്ള ഫാറവും അതിനുള്ള വ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. (4)-ാം ഉപഖണ്ഡം ലിഫ്റ്റിന്റെയും എസ്കലേറ്ററിന്റെയും സ്ഥാപിക്കൽ പൂർത്തിയായശേഷം ഇൻസ്പെക്ടർക്ക് അയച്ചുകൊടുക്കേണ്ട പൂർത്തീകരണ റിപ്പോർട്ടിന്റെ ഫാറം നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ബില്ലിന്റെ 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം ലൈസൻസിനു വേണ്ടിയുള്ള അപേക്ഷയുടെ ഫാറവും ഫീസും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (4)-ാം ഉപഖണ്ഡം ലിഫ്റ്റുകളും എസ്കലേറ്ററുകളും പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസിന്റെ ഫാറവും അതിനുള്ള ഉപാധികളും വ്യവസ്ഥകളും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. (5)-ാം ഉപഖണ്ഡം ലൈസൻസ് വാർഷികമായി പുതുക്കുന്നതിനുള്ള ഫീസ് നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. ബില്ലിന്റെ 5-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം ലൈസൻസ് നേടിയിട്ടില്ലാത്ത നിലവിലുള്ള ലിഫ്റ്റിന്റെയും എസ്കലേറ്ററിന്റെയും ഉടമസ്ഥർക്ക് ലൈസൻസ് നേടുന്നതിനുള്ള ഫാറവും ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

4. ബില്ലിന്റെ 12-ാം ഖണ്ഡം ലിഫ്റ്റോ എസ്കലേറ്ററോ പ്രവർത്തിപ്പിക്കുമ്പോഴു ണ്ടാകുന്ന അപകടത്തിന്റെ വിശദാംശങ്ങൾ ഇൻസ്പെക്ടർക്കും ജില്ലാ മജിസ്ട്രേറ്റിനും നൽകാനുള്ള ഫാറം നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

5. ബില്ലിന്റെ 13-ാം ഖണ്ഡം ഇൻസ്പെക്ടറെ സഹായിക്കുന്നതിനായി നിയമിക്കുന്ന ആളുകളുടെ യോഗ്യത നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം അങ്ങനെ നിയമിക്കപ്പെടുന്ന ആളുകളുടെ അധികാരങ്ങളും ചുമതലകളും മറ്റു സേവന ഉപാധികളും വ്യവസ്ഥകളും നിർണ്ണയിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

6. ബില്ലിന്റെ 19-ാം ഖണ്ഡം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ നീക്കംചെയ്യുന്ന ആവശ്യത്തിലേക്കായി ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഒരു ഉത്തരവിലൂടെ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

7. ബില്ലിന്റെ 21-ാം ഖണ്ഡം ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന തിനായി പിൻകാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

8. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിവയോ ആകുന്നു. കൂടാതെ, അപ്രകാരമുള്ള ചട്ടങ്ങളും ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

ആര്യാടൻ മുഹമ്മദ്.